**02/11/2024-ന് 2.45 PM -ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനിട്സ്**

2.45 PM-ന് യോഗം ആരംഭിച്ചു. ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

2023-24 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആകെ കളക്ഷൻ, 2024-25 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കളക്ഷനുമായി താരതമ്യം ചെയ്യുമ്പോൾ വരുമാനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന് കാണുന്നതായും അതോറിറ്റിയുടെ സ്വന്തം വരുമാനം കൊണ്ട് മാത്രം ചെലവുകൾ നടത്തി വരുന്ന നിലവിലെ സാഹചര്യത്തിൽ വരുമാനവർദ്ധനവ് ഉണ്ടാകേണ്ടത് അത്യാവശ്യമാണ് എന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ ആമുഖമായി അറിയിച്ചു.

കണക്ഷൻ വിച്ഛേദിക്കുക എന്നതിന്റെ ഉദ്ദേശം ഡിസ്കണക്ഷൻ ചെയ്ത കണക്ഷനുകളുടെ എണ്ണം കൂട്ടുക എന്നതല്ല മറിച്ച് കളക്ഷൻ വർദ്ധിപ്പിക്കുക എന്നതാണെന്നും അതിൽ റവന്യൂ ഓഫീസർമാർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട് ഓഫീസർ അറിയിച്ചു. ആംനെസ്റ്റി പദ്ധതി, വാർ റൂമുകൾ തുടങ്ങിയ കുടിശ്ശിക നിവാരണ യജ്ഞങ്ങൾ വഴി അതോറിറ്റിക്ക് കിട്ടേണ്ട കുടിശ്ശിക തുകയിൽ കുറവ് വന്നിരുന്നതായും, എന്നാൽ നിലവിൽ വീണ്ടും കുടിശ്ശിക 1700 കോടിയോളം രൂപ ആയിട്ടുണ്ടെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട് ഓഫീസർ കൂട്ടിച്ചേർത്തു.

പ്രതിമാസ വാട്ടർ ചാർജിനോടൊപ്പം കുടിശ്ശിക കൂടി പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ നിരന്തരം ഉണ്ടാകേണ്ടതും 0% കുടിശ്ശിക എന്നതിലേക്ക് എത്തിച്ചേരേണ്ടതുമാണെന്ന് ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട് ഓഫീസർ നിർദേശിച്ചു. റവന്യൂ വകുപ്പുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ചത് വഴി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ള കണക്ഷനുകളിൽ കുടിശ്ശിക തീർപ്പാക്കുന്നതിനും പരമാവധി തുക പിരിച്ചെടുക്കുന്നതിനും സാധിച്ചതായി വിവിധ റവന്യൂ ഓഫീസർമാർ അറിയിച്ചു.

2024 ഒക്ടോബർ മാസത്തെ കളക്ഷൻ മുൻ മാസങ്ങളിലെ കളക്ഷനുമായി താരതമ്യം ചെയ്യുകയും കളക്ഷനിൽ വർദ്ധനവ് ഉണ്ടാകാത്ത ഡിവിഷനുകളോടായി വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ശേഷം ഡിസ്കണക്ഷൻ സ്റ്റാറ്റസ്, ഫോൾട്ടി മീറ്റർ സ്റ്റാറ്റസ്, ജൽ ജീവൻ മിഷൻ, മീറ്റർ റീഡിങ് പോസ്റ്റിങ്ങ്, മൊബൈൽ നമ്പർ അപ്ഡേഷൻ, റവന്യൂ റിക്കവറി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഓഫീസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

<u>പ്രധാന യോഗ തീരുമാനങ്ങൾ</u>

- റീഡിങ് പോസ്റ്റിങ്ങ് 100 ശതമാനത്തിൽ കുറവുള്ള ഡിവിഷനുകൾ ആയതിനുള്ള കാരണം പരിശോധിച്ച് റീഡിങ് പൂർണമായും പോസ്റ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശികയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ചർച്ചകൾ നടക്കുന്നതിനാലും പൊതുടാപ്പുകളുടെ എണ്ണത്തിൽ തർക്കമുള്ളതിനാലും എൽ.എസ്.ജി.ഡി കണക്ഷനുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയവ തൽക്കാലം നിർത്തിവയ്ക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ
- ആകെ ലൈവ് കണക്ഷനുകളുടെ എണ്ണവും ഡി.സി.ബി-യിലെ ആകെ കണക്ഷനുകളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. ആയതിനുള്ള കാരണം

പരിശോധിക്കേണ്ടതാണ്. നടപടി: ആർ.എം.സി

- എല്ലാ റൂട്ടുകളും ബില്ല് ചെയ്യുന്നുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ
- മീറ്റർ കേടാകുകയും രണ്ട് റീഡിങ് സൈക്കിളിൽ കൂടുതൽ കാലം കേടായ മീറ്റർ മാറ്റി വയ്ക്കാതിരിക്കുകയും ചെയ്യുന്നപക്ഷം ടി കണക്ഷനുകൾ വിച്ഛേദിക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ
- കൂടുതൽ കാലം കേടായ മീറ്റർ മാറ്റിവയ്ക്കാത്ത കണക്ഷനുകളുടെ ലിസ്റ്റ് ഡി.ബി.എ-യിൽ നിന്നും ശേഖരിച്ച് ഡിവിഷനുകൾക്ക് നൽകേണ്ടതാണ്. നടപടി: ആർ.എം.സി
- ഒരു വർഷത്തിലധികം കാലം റീഡിങ് ലഭിക്കാത്തതും കുടിശ്ശികയുള്ളതുമായ കണക്ഷനുകളുടെ ലിസ്റ്റും നിലവിലെ സ്ഥിതിയും ഡി.ബി.എ-യിൽ നിന്നും ശേഖരിച്ച് ഡിവിഷനുകൾക്ക് നൽകേണ്ടതാണ്. നടപടി: ആർ.എം.സി
- ജൽ ജീവൻ മിഷൻ വഴി ഇതുവരെ നൽകിയ മുഴുവൻ കണക്ഷനുകളിലും റൂട്ടിലാക്കിയവ, ഇനിയും റൂട്ടിലാക്കാൻ ബാക്കിയുള്ളവ എന്നിങ്ങനെ രേഖകൾ തരം തിരിച്ച് സൂക്ഷിക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ

4.00 PM-ന് യോഗം അവസാനിച്ചു.

(ഷിജിത്ത്.വി എഫ്.സി.എ)
ഫൈനാൻസ് മാനേജർ &
ചീഫ് അക്കൗണ്ട്സ് ഓഫീസർ